## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6413

11.07.2012 ൽ മറുപടിയ്ക്ക്

### മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണം

**ചോദ്യം**

**ശ്രീ. കോടിയേരി ബാലകൃഷ്ണൻ**

**ഉത്തരം**

**കെ. എം. മാണി**
ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി

| ക്രമ നം. | ചോദ്യം | ഉത്തരം |
|---|---|---|
| എ. | തലശ്ശേരി അസംബ്ളി മണ്ഡലത്തിലെ തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി 2010-11, 2011-12 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ എത്ര തുക നീക്കി വച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി 2010-11 സാമ്പത്തിക വർഷം ടോക്കൺ വിഹിതം വകയിരുത്തിയിരുന്നു. 2011-12 വർഷത്തിൽ ധനപുനക്രമീകരണത്തിലൂടെ ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി. | സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാനുള്ള ഫയൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; | സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തികൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിൽ ഇല്ല. 24.01.2011 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 19/11/എസ്.& വൈ.എ. പ്രകാരം സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തിക്ക് സർക്കാർ സഹായം ഒരു കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് 2.5 കോടി രൂപയുടെ ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി. | ഈ ഫയലിൽ ഉള്ള നടപടി ക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | |
| ഡി. | സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | ഉണ്ട് |
| ഇ. | ഉണ്ടെങ്കിൽ പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | സ്റ്റേഡിയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ പി.ഡബ്ളിയു.ഡി. ഡെപ്പോസിറ്റ് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ കായിക യുവജന ക്ഷേമ വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ